## പതിനാലാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി

# (2019-2021)

**എട്ടാമത് റിപ്പോർട്ട്**

(2021 ജനവരി 20- ാം തീയതി സമർപ്പിച്ചത്)

**(പോസ്റ്റ് ബേസിക് ബി. എസ്. സി. നഴ്സിംഗ് കോഴ്സിന്റെ 2019-ലെ പ്രവേശന പരീക്ഷയുടെ അന്തിമലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ടുള്ള ഹർജിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

പതിനാലാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

## എട്ടാമത് റിപ്പോർട്ട്

(2021 ജനുവരി 20- ാം തീയതി സമർപ്പിച്ചത്)

(പോസ്റ്റ് ബേസിക് ബി. എസ്. സി. നഴ്സിംഗ് കോഴ്സിന്റെ 2019-ലെ
പ്രവേശന പരീക്ഷയുടെ അന്തിമലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന
ആക്ഷേപം ഉന്നയിച്ചുകൊണ്ടുള്ള ഹർജിയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

271/2021

# ഉള്ളടക്കം


| | |
|---|---|
| | പേജ് |
| സമിതിയുടെ ഘടന | v |
| ആമുഖം | vii |
| റിപ്പോർട്ട് | 1-5 |
| അനുബന്ധം : | 6-7 |

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. ബി. സത്യൻ

<u>അംഗങ്ങൾ :</u>

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. കെ. യു. ജനീഷ് കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി റ്റി. ജി. സിന്ധു, അണ്ടർ സെക്രട്ടറി.

## ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി നടത്തിയ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ 2019-ലെ പ്രവേശന പരീക്ഷയുടെ അന്തിമ ലിസ്റ്റിൽ മകളെ ഉൾപ്പെടുത്തിയിട്ടില്ലെന്നും അതിനാൽ മകളുടെ തുടർവിദ്യാഭ്യാസം മുടങ്ങാതിരിക്കുന്നതിന് സമിതി ഇടപെടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ശൈലജ കെ., വിതുര സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട നിർധനയായ ഒരു വിദ്യാർത്ഥിനിയ്ക്ക് ഉന്നതവിദ്യാഭ്യാസം നഷ്ടപ്പെടുന്ന വിഷയമായതിനാൽ അടിയന്തരമായി സമിതി പ്രസ്തുത ഹർജി പരിഗണിച്ച് ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും അതോടൊപ്പം ഉന്നതവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലെയും എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിയിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. പ്രസ്തുത തെളിവുശേഖരണത്തിൽ വിദ്യാർത്ഥിനിയ്ക്ക് പ്രവേശനപ്പരീക്ഷയുടെ ലിസ്റ്റിൽ ഉൾപ്പെടുന്നതിനുള്ള അർഹതയുണ്ടെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുമാരി കൃഷ്ണ എസ്. എച്ച്-ന് പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിനിയ്ക്ക് അഡ്മിഷൻ ലഭിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശയും ശിപാർശയിന്മേൽ വകുപ്പുകൾ സ്വീകരിച്ച നടപടികളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി 13-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ബി. സത്യൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 20.

# റിപ്പോർട്ട്

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി നടത്തിയ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ 2019-ലെ പ്രവേശന പരീക്ഷയുടെ അന്തിമ ലിസ്റ്റിൽ മകളായ കുമാരി കൃഷ്ണ എസ്.എച്ച്.-നെ ഉൾപ്പെടുത്തിയില്ല എന്ന് ആക്ഷേപം ഉന്നയിച്ചുകൊണ്ട് ശ്രീമതി ശൈലജ കെ. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിലേയ്ക്ക് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി നടത്തിയ പ്രവേശന പരീക്ഷയിൽ ഹർജിക്കാരിയുടെ മകൾ കുമാരി കൃഷ്ണ എസ്.എച്ച്. ഉയർന്ന മാർക്ക് നേടുകയും സർട്ടിഫിക്കറ്റുകൾ കൃത്യസമയത്തു തന്നെ ഓൺലൈനായി അപ്‌ലോഡ് ചെയ്യുകയും ചെയ്തിരുന്നുവെന്നും എന്നാൽ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ വ്യക്തമല്ലായെന്ന കാരണം പറഞ്ഞ് മകളെ പ്രവേശന പരീക്ഷയുടെ അന്തിമലിസ്റ്റിൽ ഉൾപ്പെടുത്തിയില്ലെന്നും ഇത് സംബന്ധിച്ച് എൽ.ബി.എസ്. ഡയറക്ടറെയും ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയും നേരിൽ കണ്ട് പരാതി നൽകിയെങ്കിലും നടപടിയുണ്ടായില്ലെന്നും പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഹർജിക്കാരിയുടെ ഭർത്താവ് ആറ് വർഷം മുൻപ് മരണപ്പെട്ടതിനാൽ വളരെ കഷ്ടപ്പെട്ടാണ് കുടുംബം പുലർത്തി മകളെ ഇതുവരെ പഠിപ്പിച്ചതെന്നും ഫീസ് കൊടുത്ത് പ്രസ്തുത കോഴ്സ് പഠിപ്പിക്കുവാൻ നിവൃത്തിയില്ലാത്തതിനാലാണ് സർക്കാർ കോളേജിൽ അഡ്മിഷൻ ലഭിക്കുന്നതിനായി ശ്രമിക്കുന്നതെന്നും ആയതിനാൽ മകളുടെ തുടർ വിദ്യാഭ്യാസം മുടങ്ങാതെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് പ്രവേശനപരീക്ഷയുടെ അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമിതി ഇടപെടണമെന്നുമായിരുന്നു 24-9-2019-ൽ സമർപ്പിച്ച ഹർജിയിലെ ആവശ്യം.

2. പോസ്റ്റ് ബേസിക് നഴ്സിംഗ് കോഴ്സിനുള്ള അഡ്മിഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് മുൻപ് ഹർജി വിഷയത്തിൽ തീരുമാനമെടുക്കേണ്ടതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ സമിതി തീരുമാനിച്ചു. ആയതിൻ പ്രകാരം ഹർജി വിഷയത്തിൽ 9-10-2019-ൽ സമിതി ഉന്നത വിദ്യാഭ്യാസം, ആരോഗ്യകുടുംബക്ഷേമം എന്നീ വകുപ്പുകളിലെയും എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിയിൽ നിന്നും തെളിവെടുക്കുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ ഹർജി സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച മറുപടി ഇപ്രകാരമാണ്.

"എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി നടത്തിയ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ പ്രവേശന പരീക്ഷയുടെ ഫൈനൽ ലിസ്റ്റിൽ കുമാരി കൃഷ്ണ എസ്.എച്ച്. (അപേക്ഷ നമ്പർ 2900270) എന്ന വിദ്യാർത്ഥിനിയെ ഉൾപ്പെടുത്തിയില്ല എന്നാരോപിച്ചുകൊണ്ട് ടിയാളുടെ മാതാവ് ശ്രീമതി ശൈലജ കെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി (2019-2021) മുമ്പാകെ സമർപ്പിച്ച ഹർജി എൽ.ബി.എസ്. ഡയറക്ടർ മുഖേന പരിശോധിച്ചു.

പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് 12-7-2019 മുതൽ 28-7-2019 വരെ സമയം അനുവദിച്ചിരുന്നു. അതനുസരിച്ച് കുമാരി കൃഷ്ണ എസ്.എച്ച്. അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അപ്‌ലോഡ് ചെയ്ത യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് വ്യക്തതയില്ലാത്തതായിരുന്നു. അപേക്ഷയിലെ തെറ്റുകൾ പരിഹരിക്കുന്നതിനായി ടി വിദ്യാർത്ഥിനിക്കും മറ്റ് കുട്ടികളോടൊപ്പം അവസരം നൽകിയിരുന്നു. എന്നാൽ വീണ്ടും ടിയാൾ അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റ് വ്യക്തതയില്ലാത്തതിനാൽ ടിയാളുടെ അപേക്ഷ നിരസിച്ചിരുന്നു.

പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ പ്രവേശന പരീക്ഷയുടെ ഫലത്തിൽ റാങ്ക് നമ്പർ 304 മുതൽ 321 വരെയുള്ള കുട്ടികൾ (18 കുട്ടികൾ) 300-ൽ 162 മാർക്ക് നേടിയിരുന്നു. കുമാരി കൃഷ്ണ എസ്.എച്ച്.-ഉം ഇതേ മാർക്ക് നേടിയിരുന്നു. ഒരേ മാർക്ക് നേടുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ പ്രവേശന പരീക്ഷാ പ്രോസ്പെക്ടസ് Clause 8.3 പ്രകാരവും Clause 6.2 പ്രകാരവുമാണ് റാങ്ക് നിശ്ചയിക്കുന്നത്. എന്നാൽ ടി വിദ്യാർത്ഥിനിയുടെ കാര്യത്തിൽ അപ്‌ലോഡ് ചെയ്തിരുന്ന മാർക്ക് ലിസ്റ്റ് അവ്യക്തമായിരുന്നതിനാൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല.

പ്രോസ്പെക്ടസ് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് 2% സീറ്റ് റിസർവേഷൻ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സെൻട്രലൈസ്ഡ് അലോട്ട്മെന്റിലൂടെ 24 കോളേജുകളിലായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 6 കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതാണ്. രണ്ട് അലോട്ട്മെന്റുകളിലായി ഈ വിഭാഗത്തിൽപ്പെട്ട രണ്ട് കുട്ടികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ട്. ബാക്കിയുള്ള നാലു സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതാണ് എന്ന് എൽ.ബി.എസ്. ഡയറക്ടർ അറിയിച്ചിട്ടുണ്ട്."

3. പ്രസ്തുത മറുപടി പരിഗണിച്ച സമിതി സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തപ്പോൾ തെളിഞ്ഞിട്ടില്ല എന്ന കാരണം കൊണ്ട് മാത്രം അപേക്ഷ നിരസിച്ചത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദാംശം ആരാഞ്ഞു. പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് പ്രവേശന പരീക്ഷ നടത്തുന്നതിനും സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിനും എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയെ ആണ് ചുമതലപ്പെടുത്തിയിരുന്നതെന്നും എന്നാൽ കോഴ്സ് നടത്തുന്നത് ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആണെന്നും വിദ്യാർത്ഥിയ്ക്ക് യോഗ്യതയുണ്ടെന്ന് ബോധ്യപ്പെട്ടാൽ വേക്കൻസിയുണ്ടെങ്കിൽ അഡ്മിഷൻ കൊടുക്കേണ്ടതാണെന്നും ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ സമിതിയെ അറിയിച്ചു. അപേക്ഷ ക്ഷണിക്കുമ്പോൾ കുട്ടികളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ അപ്‌ലോഡ് ചെയ്യണമെന്നുണ്ടെന്നും ചില സന്ദർഭങ്ങളിൽ അപ്‌ലോഡ് ചെയ്യുന്ന രേഖകൾ വ്യക്തമാകാതെ വരാറുണ്ടെന്നും ഇവിടെ കുമാരി കൃഷ്ണയ്ക്ക് മാത്രമല്ല മറ്റു കുട്ടികൾക്കും അപ്‌ലോഡ് ചെയ്ത രേഖകൾ വ്യക്തമാകാതെ വന്നിട്ടുണ്ടെന്നും ഹോം പേജിൽ തിരുത്തൽ വരുത്തേണ്ട കാര്യങ്ങൾക്ക് അറിയിപ്പ് കൊടുത്തിരുന്നുവെന്നും എൽ.ബി.എസ്. ഡയറക്ടർ വിശദീകരിച്ചു. കുമാരി കൃഷ്ണ രണ്ടാമത് അപ്‌ലോഡ് ചെയ്തപ്പോഴും മാർക്ക് ലിസ്റ്റിന് വ്യക്തതയില്ലായിരുന്നെന്നും എൻട്രൻസ് പരീക്ഷയിൽ ഒരേ മാർക്ക് നേടുന്ന ഒന്നിലധികം കുട്ടികൾ ഉണ്ടാകുമ്പോൾ മാർക്ക് ലിസ്റ്റിലെ മാർക്കും കൂടി കണക്കുകൂട്ടിയാൽ മാത്രമേ പ്രവേശന പരീക്ഷയിൽ ഒരേ മാർക്കുള്ള കുട്ടികളെ റാങ്ക് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും ആയതിന് മാർക്ക് ലിസ്റ്റിലെ മാർക്ക് വ്യക്തമായിരിക്കണമെന്നും അപേക്ഷ നിരസിക്കേണ്ടിവന്ന വേറെയും പരീക്ഷാർത്ഥികളുണ്ടായിരുന്നതിനാൽ ആരോടും പ്രത്യേകത കാണിക്കാതെ എല്ലാവരെയും ഒരുപോലെ പരിഗണിക്കുവാൻ വേണ്ടിയാണ് ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നും കൂടാതെ നിരസിച്ച അപേക്ഷയെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റിൽ മാറ്റം വരുത്തുന്ന പ്രക്രിയയിലേയ്ക്ക് പോകുമ്പോൾ സങ്കീർണ്ണത കൂടുമെന്ന കാരണത്താലാണ് അങ്ങനെ ചെയ്യാതിരുന്നതെന്നും എൽ.ബി.എസ്. ഡയറക്ടർ വ്യക്തമാക്കി.

4. ഒരു കമ്പ്യൂട്ടർ സെന്ററിൽ കൊടുത്താണ് സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തതെന്നും കഴിഞ്ഞ വർഷം പ്രവേശനപരീക്ഷയ്ക്ക് മാർക്ക് കുറവായിരുന്നതിനാലാണ് അഡ്മിഷൻ ലഭിക്കാതിരുന്നതെന്നും എൻട്രൻസ് പരീക്ഷ എഴുതുമ്പോൾ തന്നെ ഒ.എം.ആർ. ഷീറ്റിന്റെ കോപ്പി ലഭിക്കുന്നതിനാൽ മാർക്ക് അറിയാൻ സാധിക്കുമെന്നും അതിനാൽ റാങ്ക് ലിസ്റ്റ് വന്നപ്പോൾ പേര് ഇല്ലായിരുന്നതിനാൽ അന്വേഷിച്ചപ്പോഴാണ് വിവരം അറിയാൻ കഴിഞ്ഞതെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയും എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഡയറക്ടറേയും നേരിൽക്കണ്ട് പരാതി ബോധിപ്പിച്ചെങ്കിലും നടപടിയൊന്നും ഉണ്ടായില്ലെന്നും ഹർജിക്കാരി സമിതിയെ അറിയിച്ചു

5. ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയും എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഡയറക്ടറേയും നേരിൽക്കണ്ട് പരാതി ബോധിപ്പിച്ച സാഹചര്യത്തിൽ ഇതൊരു സ്പെഷ്യൽ കേസ് ആയി പരിഗണിച്ച് പരീക്ഷാർത്ഥിയിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങി പരിശോധന നടത്താമായിരുന്നുവെന്നും അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഈ വിദ്യാർത്ഥിനി പ്രവേശനപ്പരീക്ഷയുടെ അന്തിമലിസ്റ്റിൽ ഉൾപ്പെട്ടുമായിരുന്നുവെന്നും പരാതി ബോധിപ്പിച്ചിട്ടും യുക്തമായ തീരുമാനമെടുക്കാത്തതുമൂലം നീതി ലഭിക്കാതിരുന്നതു കൊണ്ടാണ് ഹർജിക്കാരിയ്ക്ക് നീതിയ്ക്കായി സമിതിയെ സമീപിക്കേണ്ട സാഹചര്യമുണ്ടായതെന്നും സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തപ്പോൾ തെളിഞ്ഞിട്ടില്ലയെന്ന കാരണം കൊണ്ടുമാത്രം ഒരു വിദ്യാർത്ഥിയ്ക്ക് ഒരു കോഴ്സിന് അഡ്മിഷൻ നിഷേധിക്കുന്ന സാഹചര്യം നിർഭാഗ്യകരമാണെന്നും ഭാവിയിൽ ഒരു കുട്ടിയ്ക്കും ഇത്തരത്തിൽ പഠനം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകാതെ ശ്രദ്ധിക്കണമെന്നും ഇന്ത്യൻ ഭരണഘടനയിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്കുള്ള പ്രത്യേക സംരക്ഷണത്തെക്കുറിച്ച് പറയുന്നുണ്ടെന്നും ചട്ടങ്ങളും നിയമങ്ങളും അറിവില്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നും കുമാരി കൃഷ്ണയ്ക്ക് നീതി നിഷേധിക്കുകയാണ് ചെയ്തതെന്നും സമിതി അഭിപ്രായപ്പെട്ടു

6. <u>കുമാരി കൃഷ്ണ എസ്. എച്ച് -ന് പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ നൽകുന്നതിനുള്ള അടിയന്തര നടപടി ഉന്നതവിദ്യാഭ്യാസ വകുപ്പും ആരോഗ്യ കുടുംബക്ഷേമ വകുപ്പും എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയും ചേർന്ന് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും കൂടാതെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിലേയ്ക്ക് അഡ്മിഷനുള്ള ഓൺലൈൻ അപേക്ഷയുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ട കാര്യങ്ങൾ ഉണ്ടെങ്കിൽ അവർക്ക് വീണ്ടും അവസരം നൽകണമെന്നും സമിതി നിർദ്ദേശം നൽകുകയും ചെയ്തു.</u>

7. എസ്.ടി. വിഭാഗത്തിന് ആകെ 6 സീറ്റുണ്ടെന്നും എസ്.ടി. വിഭാഗത്തിലെ 3 പേർക്ക് മെരിറ്റിലും 2 പേർക്ക് എസ്.ടി. ക്വാട്ടയിലുമാണ് അഡ്മിഷൻ കിട്ടിയത് എന്നും ഇനി ബാക്കി നാല് സീറ്റ് സെൽഫ് ഫിനാൻസിംഗ് കോളേജുകളിലാണ് ഒഴിഞ്ഞുകിടക്കുന്നത് എന്നും എൽ.ബി.എസ്. അസിസ്റ്റന്റ് ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി. വിദ്യാർത്ഥിനിയ്ക്ക് മതിയായ മാർക്ക് ഉള്ളതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് അലോട്ട്മെന്റിന് അവസരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് യോഗത്തിൽ ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ സമിതിയ്ക്ക് ഉറപ്പു നൽകി.

8. തുടർന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും യഥാക്രമം 8-11-2019 തീയതിയിലെ സി3/221/2019/ആ.കു.വ.നമ്പർ കത്തും 2-12-2019 തീയതിയിലെ നമ്പർ ജെ.1/246/2019/ഉ.വി.വ. നമ്പർ കത്തും മുഖേന ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ പ്രസ്തുത വിദ്യാർത്ഥിനിയ്ക്ക് St. James College of Nursing, Chalakudy, Thrissur-ൽ അലോട്ട്മെന്റ് നൽകിയിട്ടുണ്ടെന്നും വിദ്യാർത്ഥിനി പ്രസ്തുത കോളേജിൽ അഡ്മിഷൻ എടുത്ത് പഠനം ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു. ആരോഗ്യകുടുംബക്ഷേമം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച പ്രസ്തുത റിപ്പോർട്ടുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

9. സമിതിയുടെ സമയോചിതവും അടിയന്തരവുമായ ഇടപെടൽമൂലം പട്ടികവർഗ്ഗത്തിൽപ്പെട്ട നിർധനയായ ഒരു വിദ്യാർത്ഥിനിയ്ക്ക് ഉന്നതവിദ്യാഭ്യാസം നഷ്ടപ്പെടാതെ രണ്ടാഴ്ചക്കുള്ളിൽതന്നെ ഹർജിക്കാരിക്ക് നീതി ലഭ്യമാക്കുവാൻ സാധിച്ചതിൽ സമിതി അതീവ സന്തുഷ്ടി രേഖപ്പെടുത്തുന്നു.

ബി. സത്യൻ,

*അദ്ധ്യക്ഷൻ,*
*പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
*2021 ജനുവരി 13.*

**അനുബന്ധം**

**ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട്**

പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി നടത്തിയ പ്രവേശന പരീക്ഷയുടെ അന്തിമ ലിസ്റ്റിൽ കുമാരി കൃഷ്ണ എസ്. എച്ച്-നെ ഉൾപ്പെടുത്തിയിട്ടില്ല എന്നത് സംബന്ധിച്ച് ടിയാളുടെ മാതാവായ ശ്രീമതി ശൈലജ കെ 24-9-2019-ന് പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി മുൻപാകെ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുകയും സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തപ്പോൾ വ്യക്തമല്ലായിരുന്നു എന്ന കാരണം കൊണ്ട് മാത്രം ഫൈനൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്ത കുമാരി കൃഷ്ണ എസ്. എച്ച്.-ന് പ്രസ്തുത അഡ്മിഷൻ നൽകുന്നതിനുള്ള അടിയന്തര നടപടി ആരോഗ്യ കുടുംബക്ഷേമ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയും ചേർന്ന് സ്വീകരിക്കണമെന്നും കൂടാതെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിലേക്ക് അഡ്മിഷനുള്ള ഓൺലൈൻ അപേക്ഷയുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ട കാര്യങ്ങൾ ഉണ്ടെങ്കിൽ അവർക്ക് വീണ്ടും അവസരം നൽകണമെന്നും സമിതി ശിപാർശ ചെയ്തിരുന്നു.

ശിപാർശയുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം കുമാരി കൃഷ്ണ എസ്. എച്ച്.-ന്റെ GNM ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എൽ.ബി.എസ്. പരിശോധിക്കുകയും അവ പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന മാർക്ക് സംബന്ധമായ മാനദണ്ഡങ്ങൾ പ്രകാരമാണെന്ന് കണ്ടതിനാൽ അതിൻപ്രകാരം റാങ്ക് ലിസ്റ്റ് പുനർനിർണയിക്കുകയും കുമാരി കൃഷ്ണ എസ്. എച്ച്.-ന്റെ റാങ്ക് 307 ആയി നിശ്ചയിക്കുകയും ചെയ്തു. പുതുക്കിയ റാങ്ക് ലിസ്റ്റിൽ ഉള്ള എസ്.റ്റി. വിദ്യാർത്ഥികളിൽ ആദ്യത്തെ വിദ്യാർത്ഥിനി ആയ ടിയാൾക്കു ഓപ്ഷൻ അനുസരിച്ച് St. James College of Nursing, Chalakkudy, Thrissur കോളേജിലേക്ക് അലോട്ട് ചെയ്യുകയും 25-10-2019-നു മുൻപായി അഡ്മിഷൻ എടുക്കുവാൻ കുമാരി കൃഷ്ണ എസ്. എച്ച്.-നു അറിയിപ്പ് നൽകിയതനുസരിച്ച് കുമാരി കൃഷ്ണ എസ്.എച്ച്., ടി കോളേജിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്ന വിവരം സമിതിയുടെ പരിഗണനയ്ക്കായി റിപ്പോർട്ട് ചെയ്യുന്നു.

കൂടാതെ നിയമസഭാ സമിതിയുടെ നിർദ്ദേശ പ്രകാരം SC/ST വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ അപേക്ഷകളിൽ വ്യക്തത ആവശ്യമുണ്ടെങ്കിൽ അവർക്ക് പ്രത്യേക അവസരം നൽകേണ്ടതാണെന്ന് എൽ.ബി.എസ്.-ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് എന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു

<u>ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട്</u>

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി നടത്തിയ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ പ്രവേശന പരീക്ഷയുടെ അന്തിമ ലിസ്റ്റിൽ തന്റെ മകളായ കുമാരി കൃഷ്ണ എസ്. എച്ച്-നെ ഉൾപ്പെടുത്തിയിട്ടില്ല എന്നാരോപിച്ചുകൊണ്ട് ടിയാളുടെ മാതാവായ ശ്രീമതി കെ. ശൈലജ പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി (2019-2021) മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ 9-10-2019-ന് സമിതി തെളിവെടുപ്പ് നടത്തുകയും ടി വിദ്യാർത്ഥിനിക്ക് പ്രസ്തുത കോഴ്സിൽ അഡ്മിഷൻ നൽകുന്നതിനുള്ള അടിയന്തര നടപടി ഉന്നത വിദ്യാഭ്യാസ വകുപ്പും ആരോഗ്യ കുടുംബക്ഷേമ വകുപ്പും എൽ.ബി.എസ്. സെന്ററും ചേർന്ന് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

സമിതിയുടെ ശിപാർശ പ്രകാരം ടി വിദ്യാർത്ഥിനിക്ക് St. James College of Nursing, Chalakudy, Thrichur-ൽ അലോട്ട്മെന്റ് നൽകിയിട്ടുണ്ടെന്നും ടി വിദ്യാർത്ഥിനി പ്രസ്തുത കോളേജിൽ അഡ്മിഷൻ എടുത്ത് പഠനം ആരംഭിച്ചിട്ടുണ്ടെന്നും എൽ.ബി.എസ്. ഡയറക്ടർ അറിയിച്ചിട്ടുണ്ട്.